67

# - അക്കാദമിക
# മാസ്റ്റർപ്ലാൻ -

എ. എൽ. പി. സ്കൂൾ കള്ളാർ -

Aided Lower Primary School
P.O. Rajapuram
Kasaragod Dt.
Pin 671532
Kallar

Rafeek. A.
Head Master
A.L.P. School Kallar
Rajapuram P.O.-671532

# അക്കാദമിക മാസ്റ്റർ പ്ലാൻ

എ. എൽ. പി. സ്കൂൾ കള്ളാർ

Aided Lower Primary School
P.O. Rajapuram
Kasaragod Dt.
Pin 671532
Kallar

# ആമുഖം

കാസർഗോഡ് ജില്ലയിലെ
കുളൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന
എ. എൽ. പി. സ്കൂൾ കുളൂർ 1976-ൽ
സ്ഥാപിതമായി. പട്ടികജാതി, പട്ടികവർഗം, മുസ്ലീം
മറ്റ് പിന്നോക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥിക-
ളാണ് ഇവിടെ ഭൂരിഭാഗവും അധ്യയനം നടത്തു-
ന്നത്. കുളൂർ മുസ്ലീം ജമാ അത്ത് കമ്മിറ്റിയുടെ
മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന
ഈ സ്കൂളിൽ 5 അധ്യാപകരും ഒരു അധ്യാപ-
കേതര ജീവനക്കാരിയും വിദ്യാർത്ഥികളുമാണ്
നിലവിലുള്ളത്.

പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ
മികച്ചു നിൽക്കുന്ന ഈ സ്കൂളിന്റെ പുരോഗതി
ക്കായി സ്കൂൾ മാനേജ്മെന്റ് ഏറെ ശ്രദ്ധ
ചെലുത്തുന്നു. സ്കൂളിന്റെ ദൈനം ദിന
പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി
അധ്യാപകരോടൊപ്പം പി.ടി.എ, എം.പി.ടി.എ
എസ്.എം.സി. വിവിധ സന്നദ്ധ സംഘടനകൾ,
നാട്ടുകാർ എന്നിവർ കാര്യക്ഷമമായി പ്രവർത്തി-
ക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എ. എൽ. പി. സ്കൂൾ കള്ളാർ.

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | എ. എൽ. പി. സ്കൂൾ കള്ളാർ |
| വിലാസം | - | രാജപുരം (പി. ഒ) കള്ളാർ, പിൻ 671532 |
| സ്കൂൾ കോഡ് | - | 12332 |
| വിദ്യാഭ്യാസ ഉപജില്ല | - | ഹോസ്ദുർഗ് |
| വിദ്യാഭ്യാസ ജില്ല | - | കാഞ്ഞങ്ങാട്. |
| റവന്യൂ ജില്ല | - | കാസർഗോഡ്. |
| ബി. ആർ. സി | - | ഹോസ്ദുർഗ് |
| സി. ആർ. സി | - | ചുള്ളിക്കര. |
| ഗ്രാമപഞ്ചായത്ത് | - | കള്ളാർ |
| ബ്ലോക്ക് പഞ്ചായത്ത് | - | പരപ്പ. |
| ജില്ലാ പഞ്ചായത്ത് | - | കാസർഗോഡ്. |
| താലൂക്ക് | - | വെള്ളരിക്കുണ്ട് |
| വില്ലേജ് | - | കള്ളാർ |
| ഇ. മെയിൽ | - | 12332 alpskallar @gmail.com. |

# താളുകളിലൂടെ....

- അക്കാദമിക മാസ്റ്റർ പ്ലാൻ.
- ആമുഖം
- സ്കൂൾ ചരിത്രം
- സ്റ്റാറ്റസ്.
- അവസ്ഥാവിശകലനം
- പൊതുലക്ഷ്യങ്ങൾ.
- ഇംഗ്ലീഷ് ഭാഷാ പരിപോഷണം.
- മലയാള ഭാഷാ പരിപോഷണം
- ഗണിതം അനായാസമാക്കുവാൻ
- പരിസര പഠന പ്രവർത്തനങ്ങൾ.
- അറബി ഭാഷാ പ്രാവീണ്യം.
- സർഗാത്മക പ്രവർത്തനങ്ങൾ.

# സ്കൂൾ ചരിത്രം.

മലയോര മേഖലയിലെ വിദ്യാഭ്യാസ
പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോട്
കൂടി കരുവാർ മുസ്ലിം ജമാഅത്തിന്റെ കീഴിൽ
1976 ൽ ആരംഭിച്ചതാണ്. കരുവാർ എ. എൽ. പി. സ്കൂൾ.
ഓരോ വർഷവും മാനേജ്മെന്റ് കമ്മിറ്റികൾ മാറി
വരുന്നതുകൊണ്ട് മാനേജരും മാറി മാറി വരുന്നു.
ഈ അധ്യയന വർഷത്തിലെ നിലവിലുള്ള മാനേജർ
സുബൈർ പി.കെ ആണ്. ചെറുപനത്തടി, ഒതുക്കാവ്,
നിപിമല, അരയാർപള്ളം, ചുരുളിയോടി, അരിക്കുഴ്
അമ്പാല, കരുവാർ, മുണ്ടോട്ട് എളത്താൻ മൂല
തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുമാണ് ഭൂരിഭാഗവും
കുട്ടികൾ എത്തുന്നത്. സാമ്പത്തികവും, സാമൂഹി
കവുമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ
നിന്നുള്ള കുട്ടികളാണ് ഭൂരിഭാഗവും.
സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ
മത മേഖലകളിൽ കഴിവ് തെളിയിച്ച അനേകം
വ്യക്തികളെ സംഭാവന ചെയ്യാൻ ഈ വിദ്യാലയ-
ത്തിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം കലാ-
കായിക രംഗങ്ങളിൽ ഉപജില്ലാ തലത്തിൽ ശ്രദ്ധേ-
യമായ നേട്ടം കൈവരിക്കുന്നതിലും ഈ വിദ്യാ-
ലയം മുൻപന്തിയിലാണ്.
വിവിധ മത്സര പരീക്ഷകളിൽ കുട്ടി
കൾ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കു-
കയും ചെയ്യുന്നു. എൽ. എസ്. എസ്, അയ്യങ്കാളി
സ്കോളർഷിപ്പുകൾക്ക് അർഹരായവരും നിരവധിയാണ്.

പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന പ്രാദേശിക പ്രതിഭാകേന്ദ്രം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു പോകുന്നു.

നിലവിലെ സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. റഫീക്ക് ആണ്.

# സ്കൂൾ സ്റ്റാഫ്.

## അക്കാദമിക് വിംഗ്.

1. റഫീക്ക്. എ. – ഹെഡ്മാസ്റ്റർ
2. കുഞ്ഞബ്ദുള്ള. പി – എച്ച്. ടി. അറബിക്.
3. വിനയ മാത്യു – എൽ. പി. എസ്. ടി.
4. ആശ. എൻ – എൽ. പി. എസ്. ടി
5. സുമ. എം. വി – എൽ. പി. എസ്. ടി.
6. സാവിത്രി. എ. കെ. – പാചകത്തൊഴിലാളി.

## കലാകായികം.

ഹോസ്ദുർഗ് ഉപജില്ലാ കലാ-കായിക മത്സരങ്ങളിൽ നിരവധി വർഷങ്ങളായി മികച്ച വിജയം നേടാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കുട്ടികൾക്കായി നടക്കുന്ന വിവിധ മത്സര പരീക്ഷകളിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച വിജയം നേടുകയും ചെയ്തിട്ടുണ്ട്.

ഒന്നാം ക്ലാസ്സു മുതൽ IT പഠനത്തിനുള്ള അവസരവും കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. പ്രാദേശിക പ്രതിഭാ കേന്ദ്രം തുടങ്ങിയതോടുകൂടി കുട്ടികളുടെ പഠനപ്രവർത്തനങ്ങൾക്ക് കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്.

# അവസ്ഥാ വിശകലനം

2025-26 →

## അക്കാദമികം.

### Friendly English.

കഴിഞ്ഞ അധ്യയന വർഷം മുതൽ
ഈ വിദ്യാലയത്തിൽ നടപ്പിലാക്കിയ friendly
English എന്ന പദ്ധതി കുട്ടികൾക്ക് ഏറെ
പ്രയോജന പ്രദമായി. 3, 4 ക്ലാസിലെ കുട്ടികൾക്ക്
ഇംഗ്ലീഷിൽ കൂടുതൽ പ്രാവീണ്യം നേടാൻ സാധിച്ചു.
ഓരോ ക്ലാസിന്റെയും നേതൃത്വത്തിൽ ഇംഗ്ലീഷ്
അസംബ്ലിയിൽ story telling, skit, News
reading Diary reading, Self introduction
തുടങ്ങിയവയ്ക്കുള്ള അവസരങ്ങൾ ലഭിക്കുന്നു.

### ലൈബ്രറി വിപുലീകരണം.

CPTA യിൽ രക്ഷിതാക്കളും
അധ്യാപകരും ചേർന്ന് വ്യത്യസ്ത രീതിയിൽ
വായനക്കാർഡുകൾ നിർമ്മിച്ചുകൊണ്ട് 1, 2
ക്ലാസുകളിൽ അധികവായനയ്ക്കുള്ള അവസരം
ഒരുക്കി. 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് ലൈബ്രറി
പുസ്തകങ്ങൾ വിതരണം ചെയ്യുകയും കുറിപ്പ്
തയ്യാറാക്കുകയും ചെയ്യുന്നു. കുറിപ്പുകൾ കോർത്തി
ണക്കി പതിപ്പ് പ്രകാശനം ചെയ്യുകയും
ചെയ്തു.

## വിദ്യാർത്ഥികളുടെ എണ്ണം.

2025-26

| Sl. No | Boys | Girls | Total |
|---|---|---|---|
| 1 | 09 | 03 | 12 |
| 2 | 12 | 12 | 24 |
| 3 | 06 | 10 | 16 |
| 4 | 07 | 09 | 16 |
| Total. | 34 | 34 | 68 |

# പൊതുലക്ഷ്യങ്ങൾ.

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഭാഷകൾ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും, സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക.
- ദിനാചരണങ്ങൾ പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തുക.
- സർഗ്ഗശേഷി വികാസത്തിനായി വിദ്യാലയം ടാലന്റ് ലാബായി മാറ്റുക.
- ഗണിതത്തിന്റെ അടിസ്ഥാന ശേഷി വികാസത്തിന് ഉതകും വിധം പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുക.
- ശാസ്ത്രാവബോധവും, അഭിരുചിയുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് വിഭിന്ന പ്രവർത്തനങ്ങൾ/ പരീക്ഷണങ്ങൾ ഇവ ചെയ്യുന്നതിന് സൗകര്യമൊരുക്കുക.
- കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ ആവശ്യമായ പിന്തുണ നൽകുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിഗണന നൽകിക്കൊണ്ട് പാഠ്യപാഠ്യേതര വിഷയങ്ങളിൽ അവരെ ഉൾപ്പെടുത്തുന്ന വിദ്യാഭ്യാസ രീതി അവലംബിക്കുക.
- വിവര സാങ്കേതിക വി. രംഗങ്ങളിൽ വളരാൻ ആവശ്യമായ സഹായം നൽകുക.
- വ്യക്തിത്വ വികസനത്തിലൂടെ ആത്മവിശ്വാസവും ആത്മാഭിമാനവുമുള്ള കുട്ടികളെ വാർത്തെടുക്കുക.
- പ്രതിഭാധനരായ കുട്ടികൾക്ക് കൂടുതൽ മികവ്

നൽകുന്നതിനായി വിവിധ സാഹചര്യങ്ങൾ ഒരുക്കുക.
(LSS, Quiz, etc)
- സാമൂഹിക ചിന്തയും രാഷ്ട്രാവബോധവുമുള്ളവരായി
കുട്ടികളെ വാർത്തെടുക്കുന്നതിന്.
- ഗവേഷണാത്മക രീതിയിലുള്ള പഠനം സാധ്യമാ-
ക്കുന്നതിന് ഏറ്റവും സുസജ്ജമായ ലൈബ്രറി സൗകര്യ
മൊരുക്കുക.
- പി.ടി.എ. മെച്ചപ്പെടുത്തൽ.
- വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഗണിതാഭി
മുഖ്യം വളർത്തുക.
- ഗണിതോപകരണ നിർമ്മാണവും അതുവഴി
ഗണിത താൽപര്യം ഉളവാക്കുക.
- ക. പ്രാദേശിക ചിന്തകളോടുകൂടി ഗണിതത്തിലെ
പിന്നോക്കാവസ്ഥ പരിഹരിക്കുക.

# ഇംഗ്ലീഷ് ഭാഷാ പരിപോഷണം.

| Sl No | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷാപഠനം | English Club Formation | ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ രണ്ട് വിഭാഗങ്ങളിലായി വെള്ളിയാഴ്ചകളിൽ 1:15 മുതൽ 2: മണി വരെ പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ |
| 2 | ഇംഗ്ലീഷ് ഭാഷാ പോഷണം | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി; ഡയറി, വാർത്ത, കഥ, പ്രതിജ്ഞ ഇവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂൺ to മാർച്ച്. |
| 3 | ഇംഗ്ലീഷ് ഭാഷാ ശേഷിവികസനം | ഇംഗ്ലീഷ് ഡയറി. | എല്ലാ വ്യാഴാഴ്ചകളിലും ഇംഗ്ലീഷ് ഡയറി എഴുതുന്നു | ജൂൺ to മാർച്ച്. |
| 4 | ഇംഗ്ലീഷ് ഭാഷാ പോഷണം | A day with English. | വിദഗ്ധനായ അധ്യാപകന്റെ സഹായത്താൽ ഇംഗ്ലീഷ് വർക്ക് ഷോപ്പ് നടത്തുന്നു. | December. |
| 5 | ഇംഗ്ലീഷ് ഭാഷാശേഷി വികസനം. | വായനക്കാർഡ് നിർമ്മാണം. | 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ ഇംഗ്ലീഷ് വായനാ കാർഡുകൾ നിർമ്മിക്കുന്നു ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. | ജൂൺ to മാർച്ച്. രണ്ട് മാസത്തിലൊരിക്കൽ കാർഡ് നിർമ്മിക്കുന്നു. |

# ഗണിതം അനായാസമാക്കുവാൻ

| Sl No. | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|---|---|
| 1. | ഗണിത ക്ലബ്ബ് രൂപീകരണം | | താത്പര്യമുള്ള കുട്ടികൾക്കും പങ്കാളിത്തം. ഉദ്ഘാടനം. | ജൂലായ്. |
| 2. | ഗണിത പ്രതിഭകളെ രൂപപ്പെടുത്തുക. | കുട്ടി പ്രതിഭ. | ആഴ്ചയിൽ 10 ചോദ്യങ്ങൾ. ഉത്തരപ്പെട്ടി. വാരാന്ത്യത്തിൽ ക്ലാസ് തല ക്വിസ്. മാസത്തിൽ മെഗാ ക്വിസ്. | ജൂലായ് മുതൽ മാർച്ച് വരെ. |
| 3. | ഗണിത പഠനോപകരണ ശില്പശാല. | | പാഠഭാഗത്ത് ഉപയോഗിക്കേണ്ട പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ ചെയ്യുന്നു. ഗണിതലാബ് ഒരുക്കൽ. | |
| 4. | ഗണിത ലാബ് രൂപപ്പെടുത്തൽ | | ഓരോ ക്ലാസിലും ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിച്ച് ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. |

| | | | | |
|---|---|---|---|---|
| 4. | പുസ്തക ശേഖരണവും, ക്ലാസ് ലൈബ്രറി വിപുലീകരണവും. | പുസ്തക തൊട്ടിൽ. | ഓരോ ക്ലാസിലും സജ്ജീകരിച്ച പുസ്തക തൊട്ടിലിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്യൽ. രക്ഷിതാക്കൾ, നാട്ടുകാർ, കുട്ടികൾ. | ജൂൺ മുതൽ മാർച്ച് വരെ. |
| 5. | ഭാഷകളിലൂടെ വിവിധശേഷികളിൽ മികവ് നേടുക. | | പ്രാദേശിക എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. | വായനാദിനം. |
| 6. | കവികളെയും കവിതകളെയും പരിചയപ്പെടാൻ അവസരം ഒരുക്കൽ. | കവിപരിചയം | ഓരോ കുട്ടിക്കും ഓരോ കവിയുടെ പേര് നൽകുന്നു. കുട്ടികൾ അവർക്ക് ലഭിച്ചിരിക്കുന്ന കവികളുടെ ഒരു കവിതയും ലഘു ജീവചരിത്രവും തയ്യാറാക്കൽ. | ജൂൺ. ജൂലായ് |
| 7. | ബാലമാസികകൾ ഫലപ്രദമായി ഉപയോഗിക്കുക. | വർക്ക്ഷീറ്റ് തയ്യാറാക്കൽ. | വായിച്ചു കഴിഞ്ഞ ബാലമാസികകളിലെ ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്ത് ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ വിവരണം കഥ, കവിത തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. |

# മലയാളം ഭാഷാ പരിപോഷണം.

| Sl No | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|---|
| 1. | മാതൃഭാഷാ വികാസം. വായനയുടെ മഹത്വം കുട്ടികളെ ബോധ്യപ്പെടുത്തൽ. മികച്ച വായനക്കാരെ കണ്ടെത്തൽ. | | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ. വായനാമൂല ഒരുക്കൽ. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി നവീകരണം. അമ്മയോടൊപ്പം വായന. | ജൂൺ മുതൽ മാർച്ച് വരെ. |
| 2. | നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനും വായന പ്രോത്സാഹിപ്പിക്കുന്നതിനും. | പത്ര വായന. | വിദ്യാലയങ്ങളിൽ. എത്തുന്ന പത്രങ്ങളും കുട്ടികൾ വായിക്കുകയും വാർത്തകൾ തയ്യാറാക്കുകയും ചെയ്യൽ. മികച്ചത് അസംബ്ലിയിൽ അവതരിപ്പിക്കൽ. | ദിവസവും ജൂൺ മുതൽ മാർച്ച്. |
| 3. | കുട്ടികളെ വായനയിലേക്ക് നയിക്കൽ. പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | വായനാമരം | ക്ലാസിൽ ഒരു മരം വരച്ച് ചേർക്കുന്നു. അതിന്റെ ഇലകളിൽ കുട്ടികൾ അവർ വായിച്ച പുസ്തകത്തിന്റെ പേര് എഴുതി ചേർക്കൽ. കൂടുതൽ വായിച്ചവരെ കണ്ടെത്തി അഭിനന്ദിക്കൽ | പ്രതിമാസം. |

# പരിസര പഠന പ്രവർത്തനങ്ങൾ.

| Sl No | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|---|
| 1. | ശാസ്ത്രാവബോധം കുട്ടികളിൽ ഉളവാക്കുക. | പരിസ്ഥിതിയെ അറിയാം. | പരിസ്ഥിതിയെ അറിയുന്നതിന് ഫീൽഡ് ട്രിപ്പ്. കുട്ടിക്കൊരു മരം വളർത്തി നിരീക്ഷിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. |
| 2. | ശാസ്ത്രാഭിരുചി ഉളവാക്കുക. | അമ്പിളി മാമനെ അറിയാൻ. | ആകാശ നിരീക്ഷണം ആകാശ ഗോളങ്ങളെ അറിയാൻ. ക്വിസ് മത്സരം. ICT സാധ്യത പ്രയോജനപ്പെടുത്തി ആകാശ വിസ്മയങ്ങൾ ആഴത്തിൽ അറിയാൻ അവസരം. ക്വിസ് മത്സരം. | ജൂലൈ. |
| 3. | രാഷ്ട്ര ചിന്തയും സാമൂഹിക ബോധവും ഉളവാക്കുക | യുദ്ധ കെടുതികൾ അറിയാം. | യുദ്ധ ചിത്രപ്രദർശനം. യുദ്ധകെടുതികൾ ICT സാധ്യത. യുദ്ധ വിരുദ്ധ റാലി. ക്വിസ്. | ആഗസ്റ്റ്. |
| 4. | സ്വാതന്ത്ര്യ സമര ചരിത്രം അറിയുക. | ഇന്ത്യ - സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും. | പതാക നിർമ്മാണം ക്വിസ് മത്സരം. റാലി പതിപ്പ് നിർമ്മാണം പോസ്റ്റർ ICT. | ആഗസ്റ്റ്. |

| | | | | |
|---|---|---|---|---|
| 5. | മണ്ണും<br>മണ്ണ് സംരക്ഷണം | മണ്ണും മനുഷ്യനും | മണ്ണ് ശേഖരണം തരം തിരിക്കൽ പ്രദർശനം.<br>ICT ഉപയോഗിച്ച് മണ്ണൊലിപ്പ് ദൂഷ്യ ഫലങ്ങൾ വീഡിയോ പ്രദർശനം. | ഡിസംബർ. |
| 6. | പ്രതിഭകളെ പരിചയപ്പെടുത്തൽ. | | പ്രതിവാരം ഓരോ ശാസ്ത്രപ്രതിഭകളുടെ CD പ്രദർശനം<br>പതിപ്പ് നിർമ്മാണം. | ജൂൺ മുതൽ മാർച്ച്. |

# അറബി ഭാഷാ പ്രാവീണ്യം.

| Sl No | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|---|---|
| 1. | മുഴുവൻ കുട്ടികളും അറബി തെറ്റ് കൂടാതെ വായിക്കുന്നു | നല്ല വായന. | സ്കൂൾ ലൈബ്രറിയിൽ നിന്നുള്ള അറബി പുസ്തകങ്ങൾ. ചിത്രകഥാപുസ്തകങ്ങൾ കവിതകൾ. അറബി ക്വിസ്. | ജൂൺ മുതൽ മാർച്ച് വരെ |
| 2. | അറബി തെറ്റുകൂടാതെ എഴുതുന്നു. | നല്ല എഴുത്ത്. | ചിത്ര സഹിതമുള്ള മാസിക നിർമ്മാണം ചുമർ പത്രിക. എഴുത്ത് കാർഡ് നിർമ്മാണം. എന്നിവ മത്സരത്തിലൂടെ തയ്യാറാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവ ലാമിനേഷൻ ചെയ്ത് തുടർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. | ജൂൺ മുതൽ മാർച്ച്. |
| 3. | പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. | സർഗ വസന്തം | മാസത്തിൽ ഒരിക്കൽ എല്ലാ കുട്ടികൾക്കും പാടാനും ആസ്വദിക്കാനും അവസരം നൽകുന്നു. | പ്രതിമാസം |
| 4. | വിവിധ ശേഷികൾ നേടുക. | | മാസത്തിൽ ഒരിക്കൽ അസംബ്ലിയിൽ അറബിയിൽ സംസാരിക്കാനും വിവരണങ്ങൾ നൽകാനും പരിചയപ്പെടാനും അവസരം ഒരുക്കുന്നു. | പ്രതിമാസം |